**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.941**

**12-12-2012-ൽ മറുപടിയ്ക്ക്**

**തോട്ടം തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ :<br>ശ്രീ.റ്റി.എൻ.പ്രതാപൻ :<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.ലൂഡി ലൂയിസ് : | ശ്രീ. ഷിബു ബേബി ജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തോട്ടം തൊഴിലാളികൾക്കുള്ള പാർപ്പിട പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 2012-13 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 2230-01-103-15-പ്ളാൻ എന്ന ശീർഷകത്തിൽ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഉറപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നതിന് 500 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) തോട്ടം തൊഴിലാളികൾക്ക് സ്വന്തമായി ഒരു വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. |
| (സി) ഏതെല്ലാം വിഭാഗം തൊഴിലാളികൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്; | (സി) തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. |
| (ഡി) ഈ പദ്ധതി എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കുമോ ? | (ഡി) 2012-13 വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ